## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3272

24.02.2016-ൽ മറുപടിക്ക്.

### ആഭ്യന്തര വകുപ്പിൽ ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുള്ളവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്. | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| (എ) ആഭ്യന്തര വകുപ്പിലെ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | : (എ) നിലവിൽ കേരളാ പോലീസ് എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ, ക്യാമ്പ് ഫോളോവർ, കേരളാ ഫയർ ഫോഴ്സ് എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ, ജയിൽ വകുപ്പ് എക്സിക്യൂട്ടീവ് എന്നീ വിഭാഗത്തിൽ ഉള്ളവർക്ക് പോലീസ് ക്യാന്റീൻ സേവനം നൽകുന്നുണ്ട്. |
| (ബി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പോലീസ് ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുണ്ടോയെന്നും ഇത് സെൻട്രൽ പോലീസ് ക്യാന്റീൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | : (ബി) ഉണ്ട്. സെൻട്രൽ പോലീസ് ക്യാന്റീനിന്റെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പോലീസ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുള്ളത്. |
| (സി) ആഭ്യന്തര വകുപ്പിലെ പോലീസ് സേനാംഗങ്ങൾക്ക് പുറത്തുള്ളവർക്ക് ക്യാന്റീൻ സൗകര്യം അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിരുന്നുവോ എന്നും ഇല്ലെങ്കിൽ അതിൻമേൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ; | : (സി) പോലീസ് സേനാംഗങ്ങൾക്ക് പുറത്ത് ഉള്ളവർക്ക് കാന്റീൻ സൗകര്യം നൽകുന്നതിന് ധനകാര്യവകുപ്പ് അനുമതി നൽകിയിരുന്നില്ല. |
| (ഡി) ആഭ്യന്തരവകുപ്പിനു കീഴിലെ അഗ്നിശമന സേന, ജയിൽ വകുപ്പിലെ ജീവനക്കാർ എന്നിവർക്ക് ക്യാന്റീൻ സൗകര്യം അനുവദിച്ചതുപോലെ മറ്റ് സേനാവിഭാഗങ്ങളിലെ ജീവനക്കാർക്കും ക്യാന്റീൻ സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | : (ഡി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ